I ഇ.ബി. XV- കേരള നിയമസഭ/V-9

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26(*241) റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെ അടിസ്ഥാന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി iROADS, HDM4 എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്തി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കി വരുന്നുണ്ടെന്നും പൊതുമരാമത്ത് റോഡുകളുമായി ബന്ധപ്പെട്ട

പരാതികൾ വകുപ്പിനെ അറിയിക്കുന്നതിന് PWD4U എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനുമായി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള മിഷൻ ടീം യോഗം ചേർന്ന് പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങളും സ്വീകരിച്ച നടപടികളും വിലയിരുത്തുന്നുണ്ടെന്നും വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് പുതിയ ആശയങ്ങൾ നടപ്പിലാക്കുന്നതിന് മിഷൻ മീറ്റിംഗുകൾ ഉതകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിന്റെ 25% സർക്കാർ വഹിക്കുന്നുണ്ടെന്നും 2025-ഓടെ ദേശീയപാത വികസനം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും തിരുവനന്തപുരം റിംഗ് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് 50 ശതമാനം ചെലവ് വഹിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും സെൻട്രൽ റോഡ് ഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കുടിവെള്ള പദ്ധതിക്കായി പൊളിക്കുന്ന റോഡുകളുമായി

ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത്-ജലവിഭവ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവൃത്തികൾ രജിസ്റ്റർ ചെയ്യുന്നതിന് പോർട്ടൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡിഫക്ട് ലയബിലിറ്റി പിരീഡ് കഴിഞ്ഞ റോഡുകളുടെ പരിപാലനത്തിനായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പൊതുമരാമത്ത് റോഡുകൾ BM & BC ഗുണനിലവാരത്തിലാണ് നിർമ്മിക്കുന്നതെന്നും റോഡ് റബ്ബറൈസേഷൻ സംബന്ധിച്ചും മലയോര മേഖലയിലെ റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനെക്കുറിച്ചും പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27(*242) <u>വിനോദസഞ്ചാര വികസനം</u>

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ടെന്നും തദ്ദേശീയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ഗ്രാമക്കാഴ്ചകൾ

വിനോദ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ "ഡെസ്റ്റിനേഷൻ ചലഞ്ച്" പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് കാരവൻ ടൂറിസവും കെ.എസ്.ആർ.ടി.സി. ബസ്സുകളെ ഉപയോഗപ്പെടുത്തി കെ.റ്റി.ഡി.സി.-യുടെ നേതൃത്വത്തിൽ 'ഫുഡി വീൽസ്' പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പരമ്പരാഗത ജീവിത രീതികൾക്കും ഗ്രാമീണ ടൂറിസത്തിനും പ്രാധാന്യം നൽകുന്ന സ്ട്രീറ്റ് ടൂറിസം പദ്ധതി ആദ്യഘട്ടത്തിൽ 10 സ്ഥലങ്ങളിലാണ് നടപ്പാക്കാനാണുദ്ദേശിക്കുന്നത്. വിദ്യാർത്ഥികളെയും യുവജനങ്ങളെയും ടൂറിസം ഡെസ്റ്റിനേഷനുകളുടെ പരിപാലനത്തിനും പ്രചാരണത്തിനുമുള്ള ബ്രാൻഡ് അംബാസിഡർമാരാക്കി മാറ്റുന്നതിന് കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുമെന്നും പ്രവാസി മലയാളികളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ വികസനത്തിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പാലങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം വികസനം ആലോചിക്കുമെന്നും ലിറ്റററി സർക്യൂട്ടും ബയോഡൈവേഴ്സിറ്റി സർക്യൂട്ടും വേഗത്തിലാക്കാൻ ശ്രമിക്കുമെന്നും സാമ്പ്രാണിക്കോടി-മൺറോതുരുത്ത്-ശാസ്താംകോട്ട ടൂറിസം സർക്യൂട്ടിന്റെ സാധ്യത പരിശോധിക്കുമെന്നും ചാലിയാറിനെ ചാമ്പ്യൻസ് ബോട്ട് ലീഗിലും

ടൂറിസം ഭൂപടത്തിലും ഉൾപ്പെടുത്തിയതായും ഈ വർഷം ഓണം വാരാഘോഷം വിപുലമായി സംഘടിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

28 (*243) ഭിന്നശേഷിയുള്ള കുട്ടികൾക്കായി റിസോഴ്സ് സെന്ററുകൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ആരോഗ്യപരവും സാമൂഹ്യപരവുമായ മികവിനായി തുടർച്ചയായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടെ റിസോഴ്സ് സെന്ററുകൾ ആരംഭിച്ച് ബി.ആർ.സി.-കളുടെ നേതൃത്വത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പുവരുത്തുകയും നിരന്തരം വിലയിരുത്തൽ നടത്തിവരുന്നതായും സഭയെ അറിയിച്ചു. രക്ഷിതാക്കൾക്കായി ബോധവൽക്കരണ പരിപാടികളും ഭിന്നശേഷിയുടെ സ്വാഭാവമനുസരിച്ച് വിവിധതരം തെറാപ്പി സേവനങ്ങളും ടി സെന്ററുകൾ മുഖേന ലഭ്യമാക്കുന്നുണ്ട്. റിസോഴ്സ് സെന്ററുകളിൽ വരാൻ കഴിയാത്ത കുട്ടികൾക്ക് പഠന സഹായ ഉപകരണങ്ങൾ എത്തിച്ചുനൽകുകയും വീട്ടിൽത്തന്നെ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിനുമുകളിലുള്ള കുട്ടികൾക്ക് സ്പെഷ്യൽ സ്കൂളുകളിൽ തൊഴിലധിഷ്ഠിത

പരിശീലനം നൽകിവരുന്നതായും സർക്കാർ/ എയ്ഡഡ് മേഖലയിൽ വിവിധ തസ്തികകളിൽ 4 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുള്ളതായും മന്ത്രി അറിയിച്ചു. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക സംഗമവും പരിശീലന പരിപാടിയും സംഘടിപ്പിക്കുമെന്നും ഭിന്നശേഷിയുള്ള കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം സാധാരണ സ്കൂളിൽ പഠിപ്പിക്കുകയെന്നതാണ് ഗവൺമെന്റ് നിലപാടെന്നും ടി വിഭാഗത്തിന് അടുത്ത വർഷംമുതൽ ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് 25 ശതമാനം ഗ്രേസ് മാർക്ക് നൽകുമെന്നും മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതിക്കായി 5 കോടി രൂപയും സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചഡ് സ്കൂളിന് 7.5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.